ളാണ് ഏർപ്പെടുത്താൻ കഴിയുന്നത് എന്നതിനെ സംബന്ധിച്ച് ഒരു പഠനം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : അത്തരത്തിൽ ഒരു പഠനം നടത്തി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമോ എന്ന് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

III. സബ്മിഷൻ

(1) കിളിമാനൂർ കെ.എസ്.ആർ.ടി.സി.ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ ശോച്യാവസ്ഥയെക്കുറിച്ച് വകുപ്പുമന്ത്രിയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആ ഡിപ്പോയിൽ ആകെയുള്ളത് എഴുപത്തിമൂന്ന് ഷെഡ്യൂളുകളാണ്. അതിനാവശ്യമുള്ള ബസ്സുകൾ എൺപത്തേഴും. എന്നാൽ അറുപത്തിമൂന്നു ബസ്സുകൾ മാത്രമാണ് നിലവിലുള്ളത്. റിപ്പയറിംഗിനായി അവയിൽ പത്തു ബസ്സുകൾ എപ്പോഴും വർക്ക്ഷോപ്പിലാണ്. മാത്രവുമല്ല അടുത്ത ബസ്സ് ഡിപ്പോകളിലേക്ക് ഈ ഡിപ്പോയിൽനിന്ന് രണ്ടും മൂന്നും ബസ്സുകൾ വീതം സ്ഥിരമായി മാറ്റിക്കൊണ്ടു പോകാറുണ്ട്. കൊട്ടാരക്കര ഡിപ്പോയിലേക്ക് രണ്ടു ബസ്സുകൾ മാറ്റിക്കൊണ്ടു പോയിട്ടുണ്ട്. ശബരിമലയിലേക്ക് ബസ്സുകൾ മാറ്റിക്കൊണ്ടു പോകാറുണ്ട്. ആ ബസ്സുകൾ ഒന്നുംതന്നെ തിരികെ കിളിമാനൂർ ഡിപ്പോയിലേക്ക് കൊടുക്കാറില്ല. അതിന്റെ ഫലമായി പ്രതിദിനം ഇരുപത്തഞ്ചോളം ബസ്സർവ്വീസുകൾ റദ്ദു ചെയ്യേണ്ടി വരുന്നു. ഇരുപത്തിനാല് ബസ്സുകൾ കൂടി ആ ഡിപ്പോയിലേക്ക് നൽകിയാലേ കൃത്യമായി സർവ്വീസ് നടത്താൻ കഴിയൂ. മറ്റൊരു പ്രശ്നം ബസ്സ്-സ്റ്റേഷൻ ഗ്രൗണ്ടിൽ മെറ്റൽ ഇളകി കിടക്കുന്നതുമൂലം യാത്രക്കാരുടെ ദേഹത്തും മുഖത്തുമൊക്കെ പാറക്കഷണം തെറിച്ചുവീണ് പരിക്കേല്ക്കുന്നു എന്നുള്ളതാണ്. അതുകൊണ്ട് ഈ ഗ്രൗണ്ട് എത്രയുംപെട്ടെന്ന് ടാർ ചെയ്യാൻ നടപടി സ്വീകരിക്കണം. പൊതുമരാമത്തു വകുപ്പ് അൺഫിറ്റ് എന്ന് സർട്ടിഫൈ ചെയ്ത രണ്ട് ചെറിയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി ബസ്സുകൾക്ക് സ്റ്റേഷനിൽ പ്രവേശിക്കാൻ സൗകര്യമുണ്ടാക്കണം. അതുപോലെ ഓഫീസ് ജീവനക്കാർക്ക് സ്റ്റേഷനടുത്തുതന്നെ ഓഫീസ് കെട്ടിടം നിർമ്മിച്ച് നൽകാത്തതുമൂലം അവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഓഫീസ് കെട്ടിടം പണിയുന്നതിന് ഒരു പ്രൊപ്പോസലുണ്ടായിരുന്നു. ആ പ്രൊപ്പോസൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം. കൂടുതൽ ജീവനക്കാരെ അവിടെ നിയമിക്കണം. പുതിയ ബസ്സ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നാട്ടുകാരുടെ നിവേദനങ്ങൾ ധാരാളമുണ്ട്. അവ ദയവായി പരിഗണിക്കണം. ഇരുപത്തിനാലു ബസ്സുകൾ കൂടി കിളിമാനൂർ ഡിപ്പോയ്ക്ക് അനുവദിച്ചുകൊണ്ട് ആ ഡിപ്പോയുടെ ശോച്യാവസ്ഥ എത്രയുംവേഗം പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, കിളിമാനൂർ ഡിപ്പോയിലെ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട അംഗംതന്നെ പല തവണ എന്നോട് സംസാരിച്ചിട്ടുള്ളതാണ്; എനിക്ക് പ്രശ്നങ്ങൾ നേരിട്ട് അറിയാവുന്നതുമാണ്. കിളിമാനൂർ കെ.എസ്.

LIBRARY ARCHIVES Kerala Legislative Assembly

ആർ.ടി.സി. ബസ് സ്റ്റേഷൻ ഗ്രൗണ്ട് ടാർ ചെയ്യുന്നതിനുള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 29-4-98-ൽ ടെൻഡർ വിളിക്കുകയും കരാറുകാരന് വർക്ക് ഉറപ്പിക്കുകയും 8.2.99.ൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തു. എന്നാൽ മോശമായ കാലാവസ്ഥ കാരണമാണ് പണി തുടങ്ങാൻ കഴിയാതിരുന്നത്. എത്രയുംപെട്ടെന്ന് പണി തുടങ്ങാൻ നടപടി സ്വീകരിക്കുന്നതാണ്. ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. 7-7-99 ലാണ് ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി. ഓഫീസ് കെട്ടിടത്തിന്റെ പണി എത്രയുംപെട്ടെന്ന് നടപടി സ്വീകരിക്കുന്നതാണ്. ബസ് സ്റ്റേഷനിലുള്ള പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കിയതിനുശേഷ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. ബസ്സുകളുടേയും ജീവനക്കാരുടേയും കുറവുകൊണ്ടാണ് സർവ്വീസുകൾ റദ്ദു ചെയ്യപ്പെടുന്നത്. 1.6.99-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള 3801 ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യാൻ 4250-ൽ കൂടുതൽ ബസ്സുകൾ ആവശ്യമാണ്. 12 ശതമാനം സ്പെയർ ഉൾപ്പെടെയാണിത്. എന്നാൽ 3940 ബസ്സുകൾ മാത്രമേ കെ.എസ്.ആർ.ടി.സി. ക്കുള്ളൂ. ഇവയിൽ സർവ്വീസിന് വിനിയോഗിക്കാൻ പറ്റിയവ ഇതിലും കുറവായിരിക്കും. ജീവനക്കാരുടെ എണ്ണവും കുറവാണ്. ഈ സാഹചര്യത്തിലാണ് ഷെഡ്യൂളുകൾ റദ്ദു ചെയ്യുന്നത് ഒഴിവാക്കാൻ കഴിയാതെ വരുന്നത്. കിളിമാനൂർ ഡിപ്പോക്ക് അനുവദിച്ചിട്ടുള്ള 79 ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യാൻ 89 ബസ്സുകൾ ആവശ്യമാണ്. എന്നാൽ 71 ബസ്സുകൾ മാത്രമേ നൽകാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിൽ ചില ബസ്സുകൾ അറ്റകുറ്റപ്പണികൾക്കായി മാറ്റിയിരിക്കുകയാണ്. തന്മൂലം സർവ്വീസുകൾ റദ്ദു ചെയ്യുവാൻ നിർബന്ധിതമാകാറുണ്ട്. എങ്കിലും ദേശവൽക്കൃത മേഖലയിലെ സർവ്വീസുകൾ, വരുമാനം കൂടുതൽ ലഭിക്കുന്ന സർവ്വീസുകൾ എന്നിവ ഉൾപ്പെടെയുള്ളവ പരമാവധി ഓപ്പറേറ്റു ചെയ്യുന്നുണ്ട്. കൂടാതെ ഇപ്പോൾ അവിടെ 27 കണ്ടക്ടർമാരുടേയും 28 ഡ്രൈവർമാരുടേയും പത്ത് മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടേയും കുറവുണ്ട്. ഇതും സർവീസ് ക്യാൻസലേഷനുള്ള ഒരു കാരണമാണ്. കണ്ടക്ടർമാരെ ടാൻസ്ഫർ മുഖാന്തിരവും ഡ്രൈവർമാരേയും മെക്കാനിക്കൽ ജീവനക്കാരേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും താൽക്കാലികമായി നിയമിക്കുന്നതിന് നടപടിയായിട്ടുണ്ട്. സ്പെയർ പാർട്ടുകൾ കഴിയുന്നതും കൃത്യസമയത്ത് തന്നെ എത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കിളിമാനൂർ ഡിപ്പോയുടെ സമീപപ്രദേശങ്ങളിൽ പുതിയ ഡിപ്പോകൾ ആവശ്യപ്പെട്ടുകൊണ്ട് ഈ സഭയിലെ അംഗങ്ങൾ അടക്കം മുന്നോട്ടു വരുന്നുണ്ട്. അവരും ശ്രദ്ധിക്കേണ്ട ഒരു പ്രശ്നമാണിത്. ഒരു ബസ്സ് ഡിപ്പോ ഒരു പ്രദേശത്ത് വന്നതു കൊണ്ടുമാത്രം യാത്രാക്ലേശം പരിഹരിക്കാൻ കഴിയില്ല. കൂടുതൽ ബസ്സുകൾ റോഡിലിറക്കുകയും ആ ബസ്സുകൾ തക്ക സമയത്ത് ഓപ്പറേറ്റ് ചെയ്യുകയും അതിനാവശ്യമായ ജീവനക്കാരുണ്ടാവുകയുമാണ് പ്രധാനപ്പെട്ട കാര്യം. മൂന്നും നാലും കിലോമീറ്ററിന് ഇടയ്ക്ക് ബസ്സ് ഡിപ്പോകൾ ഉണ്ടായതുകൊണ്ടുമാത്രം ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാൻപോകുന്നില്ല. ആ വസ്തുത എല്ലാവരുടേയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly